"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം -14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ: കെ.ബിജു. ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - വകുപ്പിന്റെ ചുമതലയിലുള്ള സ്ഥാപനങ്ങൾക്കാവശ്യമായ ട്രെയിനിംഗ് ഉപകരണങ്ങളുടെ സംഭരണം - സംസ്ഥാന ഐ.ടി.മിഷനുമായി സഹകരിച്ച് ഇലക്ട്രോണിക്ക് ടെണ്ടർ സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച് -

പരാമർശം:- ജി.ഒ. (എം.എസ്) നമ്പർ 18/2012 ഐ.ടി.ഡി. തീയതി 08.10.12.

## ഉത്തരവ് നമ്പർ-ഇ7/34510/11 തീയതി: 03.12.2012

പരാമർശം ഉത്തരവിലെ നിർദ്ദേശമനുസരിച്ച് വ്യവസായ പരിശീലന വകുപ്പിൽ ഐ.ടി.ഐ. കളിലെ ട്രെയിനിംഗിന് ആവശ്യമായ ഉപകരണങ്ങളുടെയും യന്ത്രസാമഗ്രികളുടെയും സംഭരണം സംസ്ഥാന ഐ.ടി.മിഷന്റെ സഹായത്തോടെ ഇലക്ട്രോണിക്ക് - ടെൻണ്ടർ (ഇ-ടെണ്ടർ) സംവിധാനത്തിലേയ്ക്ക് മാറേണ്ടത് അനിവാര്യമായിരിക്കുന്നു. ഇതിൻവേണ്ടിയുള്ള സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി ഐ.ടി.മിഷൻ ഉദ്യോഗസ്ഥൻ ശ്രീ.മുരളീകൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ 30.11.12 ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ബഹു: ട്രെയിനിംഗ് ഡയറക്ടറുടെ ചേമ്പറിൽ നടന്നു. ആയതിൻ പ്രകാരം താഴെപ്പറയുന്ന തിരുമാനങ്ങൾ കൈക്കൊണ്ടു.

1. ഇ-ടെണ്ടറിംഗ് ജോലികളുടെ ആഡിറ്റിംഗ് ആഫീസർ ശ്രീ.ബി.ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് ആയിരിക്കും.
2. ഇ-ടെണ്ടറിംഗിന്റെ പ്രോസസ് ചെയ്യുന്നതിനുള്ള ചുമതല വകുപ്പിലെ ജോയിന്റ് ഡയറക്ടർക്കായിരിക്കും.
3. ഇ-ടെണ്ടർ തുറക്കുന്നതിനുള്ള ചുമതല ട്രെയിനിംഗ്, പ്ലാനിംഗ് സെക്ഷനുകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർക്കായിരിക്കും.
4. ഇ-ടെണ്ടർ ഇവാലുവേഷൻ ചുമതല വകുപ്പിലെ രണ്ട് ജോയിന്റ് ഡയറക്ടർ, രണ്ട് ഡെപ്യൂട്ടി ഡയറക്ടർ, ഫിനാൻസ് ഓഫീസർ എന്നിവരടങ്ങുന്ന 5 അംഗ സമിതിക്കായിരിക്കും.
5. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം ഉത്തരവാദിത്വങ്ങൾ വിഭജിക്കുന്നതിനോടൊപ്പം വകുപ്പ് ഇ-ടെണ്ടറിംഗിലേക്ക് മാറുകയാണെന്ന വിവരം പരസ്യപ്പെടുത്തേണ്ടതുമാണ്.
6. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ട ഉദ്യോഗസ്ഥർക്ക് ഇ-ടെണ്ടർ വിവരങ്ങൾകൂടുതൽ പരിചയപ്പെടുന്നതിനായി 6.12.2012 & 7.12.2012 തീയതികളിൽ സംസ്ഥാന ഐ.ടി. മിഷൻ ആഫീസിൽ ട്രെയിനിംഗ് നൽകുവാൻ

ധാരണയായി. ടി പരിശീലനത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും കൃത്യമായി പങ്കെടുക്കേണ്ടതാണ്. അഡീഷണൽ ഡയറക്ടർ/സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ. കഴക്കൂട്ടം, ശ്രീ.പി.കെ. മാധവനും ഈ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

7. ചുമതല നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ അവരവരുടെ 'ഡിജിറ്റൽ സിഗ്നേച്ചർ ഫോർമാറ്റ് (ഡി.എസ്.എഫ്) ഉടൻ പൂരിപ്പിച്ച് ഐ.ടി. മിഷന് നൽകേണ്ടതാണ്. ടി ഫോർമാറ്റ് ഈ ഉത്തരവിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒപ്പ്/-
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. ശ്രീ. ബി. ശ്രീകുമാർ, എ.ഡി.റ്റി.
2. ശ്രീ. പി.കെ. മാധവൻ, എ.ഡി.റ്റി./സ്പെഷ്യൽ ഓഫീസർ
3. ശ്രീ. സുനിൽ ജേക്കബ്, ജെ.ഡി.റ്റി.
4. ശ്രീ. ബി. ജസ്റ്റിൻ രാജ്. ജെ.ഡി.റ്റി. (എസ്.ഐ.സി.)
5. ശ്രീ. ബി. ബാലചന്ദ്രൻ ഡി.ഡി.(റ്റി)
6. ശ്രീ. ഡി. മനേക്ഷ് പ്രസാദ് ഡി.ഡി. (പ്ലാനിംഗ്)
7. ശ്രീ. ജു. ശ്രീധരൻ, എഫ്.ഒ.

പകർപ്പ്:- സി.എ. ടു ഡി.ടി.
എല്ലാ പ്രിൻസിപ്പാൾ മാർക്കും (അറിവിനായി ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
ഇ 1 ടു ഇ 7 (എസ്.എഫ്)

//ഉത്തരവിൻ പ്രകാരം//

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

J.03/12/12